**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6146** **07/11/2016-ൽ മറുപടിയ്ക്ക്**

## മണ്ണ് പര്യവേക്ഷണ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>കൃഷി വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | മണ്ണ് പര്യവേക്ഷണ വകുപ്പിൽ യോഗ്യതയുള്ള ലാബ് അറ്റൻഡർമാർക്ക് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ? ഉണ്ടെങ്കിൽ ഉത്തരവ് വ്യക്തമാക്കാമോ? | (എ) | മണ്ണ് പര്യവേക്ഷണ വകുപ്പിൽ ലാബ് അറ്റന്റർമാർക്ക് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നിലവിൽ പ്രത്യേക ഉത്തരവുകളൊന്നും ഇല്ല. എന്നാൽ 06.05.1971 ലെ G.O(Ms) No.134/71/Agri നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ലാബ് അറ്റൻഡർമാർ ഉൾപ്പെടെയുള്ള താഴ്ന്ന ഗ്രേഡിലുള്ള എല്ലാ വിഭാഗക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിന് അർഹതയുണ്ട്. |
| (ബി) | ഇപ്പോൾ ഈ വകുപ്പിൽ എത്ര ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകൾ ഉണ്ട്? | (ബി) | 5 ഒഴിവുകൾ . |
| (സി) | ഇത്തരത്തിൽ വകുപ്പിലെ താഴ്ന്ന ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ? ഇല്ലെങ്കിൽ സ്പെഷ്യൽ റൂളിനായുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ? | (സി) | ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലില്ല. എന്നാൽ 06.05.1971 ലെ G.O(Ms)No.134/71/Agri നമ്പർ എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയമനം നടത്തുന്നത്. കേരളാ സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് ശേഷമേ മേലിൽ ഇത്തരം പ്രൊമോഷനുകൾ നടത്തുകയുള്ളു എന്ന ഉത്തരവ് ഏതെങ്കിലും നിലവിലുണ്ടോ? വിശദമാക്കാമോ? | (ഡി) | ഇല്ല. |
| (ഇ) | ഗവൺമെന്റ് സെക്രട്ടറിയുടെ 02.07.2016 ലെ 488714/ഇബി1/ 2016 കൃഷി നമ്പർ ഉത്തരവ് ഇപ്പോഴും നിലനില്ക്കുന്നുണ്ടോ, നിലനില്ക്കുന്നില്ലെങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ചു കൊണ്ടുള്ള ഉത്തരവ് ഏതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**